**പതിനാലാം കേരള നിയമസഭ**

**പതിനെട്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം.*83.** **05.02.2020 ൽ മറുപടിയ്ക്ക്**

**മയക്കുമരുന്ന് മാഫിയക്കെതിരെ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.വി.കെ.പ്രശാന്ത്<br>ശ്രീ.റ്റി.വി.രാജേഷ്.<br>ശ്രീ.രാജു എബ്രഹാം.<br>ശ്രീമതി.പി.അയിഷാ പോറ്റി | | ശ്രീ.ടി.പി. രാമകൃഷ്ണൻ<br>(തൊഴിലും എക്സൈസും വകുപ്പുമന്ത്രി) | |
| (എ) | മയക്കുമരുന്ന് മാഫിയക്കെതിരെ എക്സൈസ് വകുപ്പ് നടപടി ശക്തമാക്കിയതിന്റെ ഫലമായി കേസുകളുടെ എണ്ണത്തിൽ വർദ്ധനയുണ്ടായിട്ടുണ്ടോ; | (എ) | എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തിയതിന്റെ ഫലമായി എൻ.ഡി.പി.എസ്. കേസുകൾ രജിസ്റ്റർ ചെയ്യുന്നതിൽ ഗണ്യമായ വർദ്ധനവ് ഉണ്ടായിട്ടുണ്ട്. പിടിച്ചെടുത്ത ലഹരി വസ്തുക്കളുടെ അളവിലും വർധന ഉണ്ടായിട്ടുണ്ട്. |
| (ബി) | ലഹരി പദാർത്ഥങ്ങളായി വിവിധ രാസവസ്തുക്കൾ ഉപയോഗിക്കുന്നത് വർദ്ധിച്ച് വരുന്നതിന്റെയും ഇവ സിനിമാ ലൊക്കേഷനുകളിൽ വ്യാപകമാണെന്നും ലഹരി വ്യാപാരം ഹൈടെക് ആണെന്നുമുള്ള വാർത്തയുടെയും അടിസ്ഥാനത്തിൽ എക്സൈസ് വകുപ്പിൽ ഫീൽഡ് ടെസ്റ്റിനുള്ള സൗകര്യം ഏർപ്പെടുത്തുന്നതിനും സൈബർ സെൽ രൂപീകരിക്കുന്നതിനും നടപടിയെടുക്കുമോ; | (ബി) | വ്യക്തികൾ മയക്കുമരുന്ന് ഉപയോഗിക്കുന്നത് തിരിച്ചറിയുന്നതിനുള്ള ഡിസ്പോസിബിൾ കിറ്റുകൾ ലഭ്യമാക്കുന്നതിനും ഓൺലൈൻ വഴിയുള്ള ലഹരി വസ്തുക്കളുടെ വ്യാപനം തടയുന്നതിനുമായി നൂതന സാങ്കേതിക വിദ്യയുടെ സഹായത്തോടെ പ്രവർത്തിക്കുന്ന പൂർണ്ണ സജ്ജമായ ഒരു ഹൈടെക് സൈബർ സെൽ രൂപീകരിക്കുന്ന കാര്യം എക്സൈസ് കമ്മീഷണറുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ സർക്കാർ പരിശോധിച്ചുവരുന്നു. |
| (സി) | സ്കൂൾ, കോളേജ് വിദ്യാർത്ഥികളെ ലഹരിക്കെണിയിൽപ്പെടുത്തുന്നത് വ്യാപകമാണെന്നുള്ള ആശങ്ക ഉയർന്നിട്ടുള്ള സാഹചര്യത്തിൽ സ്കൂളുകളിലും കോളേജുകളിലും ലഹരി വിരുദ്ധ പ്രചരണവും നിരീക്ഷണവും ശക്തിപ്പെടുത്താൻ പരിപാടിയുണ്ടോ; | (സി) | സ്കൂൾ, കോളേജ് പരിസരങ്ങൾ കേന്ദ്രീകരിച്ച് ലഹരി പദാർത്ഥങ്ങളുടെ വിപണനം, ഉപയോഗം തുടങ്ങിയ പ്രവർത്തനങ്ങൾ തടയുന്നതിന് എക്സൈസ് ഷാഡോ സംവിധാനവും ഇന്റലിജൻസ് വിഭാഗവും ഉപയോഗിച്ച് രഹസ്യ നിരീക്ഷണം നടത്തുകയും വിവരങ്ങൾ ശേഖരിക്കുകയും ബന്ധപ്പെട്ട വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ ലഹരിവിരുദ്ധ ക്ലബ്ബുകളുടെയും പി.റ്റി.എ.യുടെയും പൊതുജനങ്ങളുടെയും സഹകരണത്തോടെ നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു. വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ സമീപം ഇത്തരം നിയമവിരുദ്ധ പ്രവർത്തനങ്ങൾ നടക്കാനിടയുള്ള സ്ഥലങ്ങളിൽ |

| | | | |
|---|---|---|---|
| | | | കർശന പരിശോധനകൾ നടത്തി കുറ്റക്കാർക്കെതിരെ ശക്തമായ നിയമ നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. വിദ്യാർത്ഥികൾക്ക് മയക്കുമരുന്നും പുകയില ഉൽപ്പന്നങ്ങളും എത്തിച്ച് നൽകുന്നവർക്കെതിരെ നിലവിലുള്ള നിയമത്തിലെ വ്യവസ്ഥകൾക്ക് വിധേയമായി സാധ്യമായ പരമാവധി ശിക്ഷ ലഭിക്കുന്ന രീതിയിൽ പഴുതുകളില്ലാത്ത നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. എക്സൈസ് വകുപ്പിന്റെ നേതൃത്വത്തിൽ സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ്, സ്കൂൾ-കോളേജ് ലഹരി വിരുദ്ധ ക്ലബ്ബുകൾ, സംസ്ഥാന ലൈബ്രറി കൗൺസിൽ, സംസ്ഥാന സ്പോർട്സ് കൗൺസിൽ, തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ, മദ്യവർജ്ജന സമിതികളടക്കമുള്ള സന്നദ്ധ സംഘടനകൾ, വിദ്യാർത്ഥി-യുവജന-സംഘടനകൾ, എന്നിങ്ങനെ സമഗ്രമേഖലയിലുമുള്ള വിദ്യാർത്ഥി പങ്കാളിത്തത്തോടുകൂടി ലഹരിക്കെതിരെയുള്ള ബോധവത്ക്കരണ പ്രവർത്തനങ്ങൾ നടത്തി വരുന്നുണ്ട്. |
| (ഡി) | മയക്കുമരുന്നിനടിമപ്പെട്ടവരെ അതിൽ നിന്നും മോചിപ്പിക്കുന്നതിനുള്ള ചികിത്സാ സൗകര്യങ്ങൾ വർദ്ധിപ്പിച്ചിട്ടുണ്ടോയെന്ന് അറിയിക്കാമോ? | (ഡി) | ഉണ്ട്. വിമുക്തി മിഷന്റെ ഭാഗമായി ആരോഗ്യ വകുപ്പുമായി സഹകരിച്ചുകൊണ്ട് 14 ജില്ലകളിലും ഒരു ജില്ലയിൽ ഒന്ന് എന്ന കണക്കിൽ സർക്കാർ ആശുപത്രിയിൽ 14 വിമുക്തി ഡീ-അഡിക്ഷൻ സെന്ററുകൾ കിടത്തി ചികിത്സാ സൗകര്യത്തോടെ ആരംഭിച്ചിട്ടുണ്ട്. ടി സെന്ററുകളിൽ ചികിത്സാ സൗകര്യം വർദ്ധിപ്പിക്കുന്നതിനുള്ള നിർദ്ദേശം പരിശോധിച്ചുവരുന്നു. |

**സെക്ഷൻ ഓഫീസർ**